# കേരളസർവകലാശാല

നം.പി.ആർ.13/2021

## പത്രക്കുറിപ്പ്

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2020 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എസ്.ബി., രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി., 2020 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി ജനുവരി 20, 21, 22 തീയതികളിൽ (ഇ.ജെ.X - പത്ത്) സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

കേരളസർവകലാശാല 2019 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി.എം.എസ്./ബി.കോം./ബി.ബി.എ./ബി.സി.എ./ബി.വോക്./ബി.എസ്.ഡബ്ല്യൂ സി.ബി.സി.എസ്. കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി (ഇ.ജെ III- മൂന്ന്) സെക്ഷനിൽ ജനുവരി 19 മുതൽ 27 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക്. (2008 സ്കീം) ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ലാബ്, ഡിജിറ്റൽ പ്രോസസിംഗ് ലാബ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 20 ന് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്ത് വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

കേരളസർവകലാശാല 2019 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എ.മ്യൂസിക്, വീണ, വയലിൻ, മൃദംഗം, കേരളനടനം എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജനുവരി 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

# എൽ.എൽ.ബി. ഒൻപതാം സെമസ്റ്റർ പരീക്ഷ അതതു കോളേജുകളിൽ നടത്തും

കേരളസർവകലാശാല ജനുവരി 29 ന് ആരംഭിക്കുന്ന ഒൻപതാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) എൽ.എൽ.ബി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും അവരവരുടെ കോളേജുകളിൽ പരീക്ഷ എഴുതേണ്ടതാണ്. സെന്റർ ചെയിഞ്ച് അനുവദിക്കുന്നതല്ല.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
18.01.2021


**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**